# അധ്യായം-7

ആറാം മുദ്രാഭേദനശേഷവും ഏഴാം മുദ്രാഭേദനത്തിന് മുൻപായും നടന്ന സംഭവങ്ങളുടെ അതായത് ഈ കാലയളവിൽ സംജാതമായ രണ്ട് രക്ഷിതഗണങ്ങളുടെ വിശദീകരമാണ് ഈ അദ്ധ്യായത്തിൽ പറയുന്നത്. ഒരു പഠിതാവിന്റെ ഹൃദയത്തിലുളവാകുന്ന ന്യായമായ മൂന്നു ചോദ്യങ്ങൾക്ക് ഈ അദ്ധ്യായം മറുപടി നൽകുന്നു.

**ചോദ്യങ്ങൾ**

1. ഉൾപ്രാപണശേഷം മതപീഢ ഉണ്ടാകുമോ?
2. സഭ എടുക്കപ്പെട്ട ശേഷം രക്ഷ നടക്കുമോ?
3. അവരുടെ മഹാ കോപ ദിവസം വന്നു, ആർക്ക് നിൽപാൻ കഴിയും?

(വെളി- 6:17)

നാം ഇന്ന് ആയിരിക്കുന്നത് കൃപയുടെ കാലത്താണ്. സൗജന്യമായ രക്ഷ ലഭിക്കുവാൻ ഭാഗ്യം ലഭിച്ചവർ സഭയുടെ ഉൾപ്രാപണത്തോടെ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു.

രക്തം ചൊരിഞ്ഞല്ലാതെ മോചനമില്ല.(എബ്രാ 9:2)

(പഴയനിയമ കാലത്ത് മൃഗങ്ങളെകൊന്ന് പാപപരിഹാരബലി നടത്തി. കൃപായുഗത്തിൽ ക്രിസ്തു നമുക്കായി യാഗമായി . എന്നാൽ കൃപായുഗശേഷം - അവസരം നഷ്ടമാക്കിയവർ സ്വയം രക്തസാക്ഷികളാകുക തന്നെ വേണം )

സഭയും പരിശുദ്ധാത്മാവും എടുക്കപ്പെട്ടശേഷവും ആത്മാവ് പഴയ നിയമകാലത്തെപ്പോലെ വന്നും പോയും രക്ഷണ്യവേലയ്ക്ക് സാഹചര്യം ഒരുക്കി.

ഉദാഹരണം - നെഹ (9:20,21), 2ശമു (13:2) അപ്പോ : (1:16,20)

വെളിപാട് (7:1-4)

രക്ഷിതഗണം ഒന്നാമത്തേത് യഹൂദഗോത്രത്തിൽ നിന്നുമാണ്. ഇവരെ മുദ്രയിടുവാനുള്ള സാഹചര്യം ലഭിപ്പാൻ സ്വർഗ്ഗം ദൂതൻമാർക്ക് നൽകുന്ന നിർദ്ദേശം - വെളി (7:1,3)

**മുദ്രയിടുക എന്നാലെന്ത്?**

മുദ്രഇടുകയെന്നാൽ മുദ്രയിടപ്പെടുന്ന വസ്തുവോ,ആളോ മുദ്രയുടെ ഉടമയുടെ അവകാശത്തിലും അധികാരത്തിലും പെട്ടതാണെന്നർത്ഥം.

മുദ്രകൾ മൂന്നു വിധം (1) ദൈവത്തിന്റെ മുദ്ര (2) പരിശുദ്ധാത്മാവിന്റെ മുദ്ര (3) അന്തിക്രിസ്തുവിന്റെ മുദ്ര

ആരാണ് മുദ്രയിടുന്നത് ?— കിഴക്കുനിന്നു വന്ന ദൂതൻ (വാക്യം 2)

എന്താണ്കിഴക്കുനിന്ന് വരുന്നതിന്റെ പ്രത്യേകത?

യെശ (43:1-4) മലാഖി(4:2) ഉം വായിക്കുക

ആർക്കാണ് മുദ്രയിടുന്നത്? ദൈവത്തിന്റെ ദാസൻമാർക്ക്

ആരാണ് ദാസൻമാർ? യെശ: (65:13-16)

2തിമെ(2:24)

മുദ്രയിട്ടതുകൊണ്ട് കഷ്ടത്തിൽ നിന്ന് അവർ ഒഴിവാകുന്നില്ല,അവസാനത്തോളം സഹിച്ചു നിൽപ്പാനുള്ള പ്രാപ്തി ലഭ്യമാകുമെന്നേയുള്ളൂ. നെറ്റിയിലിട്ട മുദ്ര പരസ്യസാക്ഷ്യത്തെ കാണിക്കുന്നു. മുദ്ര ഏറ്റവരെ കാണിച്ചില്ല എങ്കിലും അവരുടെ എണ്ണം വ്യക്തമാകുന്നു. ഒരു ഗോത്രത്തിൽ നിന്ന് പന്ത്രണ്ടായിരം വീതം പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നും നൂറ്റിനാല്പത്തിനാലായിരം .ഗോത്രങ്ങളുടെ സ്ഥാനങ്ങൾ -(വെളി:7,5-8)

വരെയുള്ള വാക്യങ്ങളിൽ കാണാം

(രുബേന്റെ സ്ഥാനം- യഹൂദയ്ക്ക് ലഭിച്ചത് രുബേൻ ചെയ്ത തെറ്റായ പ്രവർത്തിമൂലമാണ്-1ദിന :(5:1-2)

ദാൻ ഗോത്രം മാറ്റപ്പെട്ടത് - വിഗ്രഹാരാധനമൂലം (1രാജ (12:28-30)

രണ്ടാമത്തെക്കൂട്ടം രക്ഷിതഗണം എവിടെനിന്നു വന്നവർ ? വെളി:(7:9)

ഇവർ ആർത്ത് പാടിയത് എവിടെ നിന്ന് ? എന്താണ് പാടിയത്?

സിംഹാസനത്തിനും കുഞ്ഞാടിനും മുൻപിൽ നിന്ന് (വാക്യം 10 ശ്രദ്ധിക്കുക)

ലഭിച്ച രക്ഷയെക്കുറിച്ച് ഇത്രത്തോളം സന്തോഷിപ്പാൻ കാരണം എന്ത് ? കൃപയുടെ കാലം കഴിഞ്ഞു, സമയം ലഭിച്ചിട്ടും കൃപ വ്യർത്ഥമാക്കികളഞ്ഞു, എന്നിട്ടും തങ്ങളോട് കാണിച്ച ദയയ്ക്കാണ് നന്ദിരേഖപ്പെടുത്തിയത്.

ആരാധനാസമയം- വാക്യം 15 ൽ രാപ്പകൽ നിത്യവാസം ദൈവസിംഹാസനത്തിന് മുമ്പിലാകയാൽ അവർ സഭയല്ല എന്ന് വ്യക്തമാണ്. ഇവർ നിത്യ ശുശ്രൂഷകരാണ്.രക്ഷിതഗണം മഹത്വമർപ്പിക്കുമ്പോൾ മഹാദൂതഗണം വീണ് നമസ്ക്കരിച്ചു. നിരന്തരം സ്തുതിക്കുയോഗ്യനായവന്റെ സപ്തഗുണങ്ങൾ പറഞ്ഞ് സ്തുതി തുടർന്നു എന്തെല്ലാമാണ് ആ സപ്തഗുണങ്ങൾ - വായിക്കുക- (വാക്യം12)

മൂപ്പൻമാരിലൊരുവൻ യോഹന്നാനോട് ചോദിച്ചചോദ്യവും മറുപടിയും - വാക്യങ്ങൾ (13,14) വായിക്കുക.

യോഹന്നാൻ ഈ രക്ഷിതഗണത്തെ അറിയാത്തതിന്റെ കാരണം ഇവർ സഭയുടെ ഉൾപ്രാപണ ശേഷം വന്നവരാണ്.ഇവർ മഹാകഷ്ടത്തിൽ നിന്ന് വന്നവർ എന്ന് മൂപ്പൻമാരിലൊരുവൻ പറയുന്ന മറുപടിയിൽ നിന്ന് വ്യക്തമാണ്.

ഇവരുടെ വസ്ത്രത്തിന്റെ പ്രത്യേകത- വെളി: (7:9,14)

ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. ഇവിടെ അങ്കി നീതിയെ കാണിക്കുന്നു(യെശ:61:10) ഈ രക്ഷിതഗണവും നമ്മളും കുഞ്ഞാടിന്റെ രക്തത്താൽ നീതികരണം പ്രാപിച്ചിരിക്കുന്നു..എവിടെയാണ് വ്യത്യാസം? നമ്മുടെ അങ്കി കുഞ്ഞാടിന്റെ രക്തത്തിൽ ആശ്രയിച്ചതിനാൽ ലഭിച്ച നീതിയാണ്. ഈ രക്ഷിതഗണമോ തങ്ങളുടെ നീതി പ്രവർത്തികളോട് ക്രിസ്തുവിൽ ആശ്രയിച്ചു. അവർ കല്പനകൾ അനുസരിച്ചതിനാൽ ലഭിച്ച നീതിയാണിത് , മഹോപദ്രവ കാലത്ത്അവസാനത്തോളം സഹിച്ചുനിൽക്കുകയും എല്ലാവരും രക്തസാക്ഷികളാകുകയും ചെയ്തു.അങ്ങനെയാണ് അങ്കിരക്തത്തിൽ വെളുപ്പിച്ചത് . ഇനി ഈ കൂട്ടർക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ എന്തെല്ലാം?

വെളി:(7:15-17)

മഹോപദ്രവത്തിൽ ആത്മീയ വിശപ്പും ദാഹവും അവർക്കുണ്ടായിരുന്നു.എന്നാൽ അന്ന് അത് ലഭിച്ചില്ല. എന്നാൽ ഇപ്പോൾ കുഞ്ഞാടുതന്നെ ജീവജലത്തിന്റെ ഉറവയിലേക്ക് അവരെ നടത്തുകയും , അവരുടെ കണ്ണുനീർ തുടയ്ക്കുകയും ചെയ്യുന്നു. ഇന്ന് നമുക്ക് യജമാനൻ എല്ലാം സമൃദ്ധമായിതരുന്നു. പ്രീയ സഹോദരങ്ങളേ നാളേയ്ക്കു നീട്ടിവയ്ക്കാതെ ഇന്ന് ആത്മീയവിശപ്പിന് പരിഹാരം കണ്ടെത്തുക. മറക്കരുത് -------- നാളെ എന്ന ദിവസം എന്ത് എന്ന് നാമറിയുന്നില്ല.